ഉത്തരം

(എ) കേന്ദ്രസർക്കാർ ധനസഹായത്തോടുകൂടി 11 ജില്ലകളിലും സംസ്ഥാന സർക്കാർ ധനസഹായത്തോടെ 3 ജില്ലകളിലും കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരികയായിരുന്നു. 2014-15 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നൽകിയ പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ ജില്ലകളിലും സംസ്ഥാന സർക്കാർ വിഹിതംകൂടി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) കന്നുകാലികൾക്ക് മരണമോ, സ്ഥിരമായ ഉല്പാദന നഷ്ടമോ സംഭവിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ പദ്ധതിയിൽ ആട്, പന്നി, മുയൽ തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(സി) ഇതുവരെ പ്രീമിയം തുകയുടെ 50% കേന്ദ്രസർക്കാരും ബാക്കി 50% ഗുണഭോക്താവും നൽകിവരുന്നു. എന്നാൽ പുതുക്കിയ മാർഗ്ഗനിർദ്ദേശ മനുസരിച്ച് പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ ആകെ പ്രീമിയം തുകയുടെ 25 മുതൽ 60 ശതമാനംവരെ വിവിധ വിഭാഗങ്ങൾക്കായി നൽകുന്നതാണ്.

ഈ പദ്ധതിയുടെ കീഴിൽ കന്നുകാലികളെ കൂടാതെ ആട്, പന്നി, മുയൽ തുടങ്ങിയവയെയും ഇൻഷ്വർ ചെയ്യാവുന്നതാണ്.

വെറ്ററിനറി ഡോക്ടർമാർക്കുള്ള ടാഗ്ഗിംഗ് ഫീസും പോസ്റ്റുമോർട്ടം ഫീസും പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകരിൽ ഈ പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് പദ്ധതി പ്രചരിപ്പിക്കുന്നതിനുള്ള മുഴുവൻ തുകയും പദ്ധതിയിനത്തിൽ നൽകുന്നതാണ്.

(ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ വിഹിതംകൂടി നൽകേണ്ടതുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കി നടപടികൾ തുടരുന്നതാണ്.

ഭക്ഷ്യസുരക്ഷാ പദ്ധതിയിലൂടെ വനിതകൾക്ക് ധനസഹായം

155 (7452) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽപ്പെടുത്തി മൃഗകർഷകരായ വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് വനിതകൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 2010-11, 2011-12 എന്നീ വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് വനിതകളായ കർഷകർക്ക് "വനിതാ സ്വയംസഹായ സംഘങ്ങൾക്ക് കാലി വളർത്തലിലുള്ള ധനസഹായം നൽകുന്ന പദ്ധതി" (Cluster farming for women self help groups) നടപ്പിലാക്കി. പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷത്തിൽ 3.5 കോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപയുമാണ് അനുവദിച്ചത്.

(ബി) 1. വനിതാ സ്വയംസഹായ സംഘങ്ങളിലെ ഓരോ ഗുണഭോക്താവിനും 1 കറവ പശു, 2 ആടുകൾ എന്നിവയെ വിതരണം ചെയ്യുക.

2. സംസ്ഥാനത്തെ പാൽ, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക.

3. വനിതകൾക്കിടയിൽ സംഘം ചേർന്നുള്ള കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

4. വനിതകൾക്ക് തൊഴിൽ സാധ്യതയും വരുമാനവും ഉറപ്പ് വരുത്തുക.

(സി) 2010-11 സാമ്പത്തിക വർഷം ഈ പദ്ധതിയിലൂടെ 5 വനിതാ ഗുണഭോക്താക്കൾ വീതമുള്ള 311 യൂണിറ്റുകൾക്കായി 3.5 കോടി രൂപ വിതരണം ചെയ്തു. ഒരു വനിതാ ഗുണഭോക്താവിന് 1 കറവപ്പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി 22,500 രൂപ ധനസഹായം നൽകി.

2011-12 സാമ്പത്തിക വർഷത്തിൽ 5 വനിതാ ഗുണഭോക്താക്കൾ അടങ്ങിയ 80 യൂണിറ്റുകൾക്കായി ഒരുകോടി രൂപ അനുവദിച്ചു. ഒരു വനിതാ ഗുണഭോക്താവിന് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി 25,000 രൂപ ധനസഹായം നൽകി.

(ഡി) 2010-11 സാമ്പത്തിക വർഷം ഈ പദ്ധതിയിലൂടെ 5 വനിതാ ഗുണഭോക്താക്കൾ വീതമുള്ള 311 യൂണിറ്റുകളിലായി 1555 വനിതാ ഗുണഭോക്താക്കൾക്ക് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി ഓരോ ഗുണഭോക്താവിനും 22,500 രൂപ വീതം ധനസഹായം നൽകി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി.

2010-12 സാമ്പത്തിക വർഷത്തിൽ 5 വനിതാ ഗുണഭോക്താക്കൾ അടങ്ങിയ 80 യൂണിറ്റുകളിലായി 400 വനിതാ ഗുണഭോക്താക്കൾക്ക് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി ഓരോ ഗുണഭോക്താവിനും 25,000 രൂപ വീതം ധനസഹായം നൽകി. സംസ്ഥാനത്തെ 10 ജില്ലകളിലായി (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ഒഴികെ) പദ്ധതി നടപ്പിലാക്കി. പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly